പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2566** **05-11-2019-ൽ മറുപടിക്ക്**

**ആയുർവേദ വിനോദസഞ്ചാരം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</td><td colspan="2">ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ആയുർവേദ വിനോദസഞ്ചാരമേഖലയെ ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി കേരളയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;</td><td rowspan="2">(എ)<br>&<br>(ബി)</td><td rowspan="2">സംസ്ഥാനത്തെ ആയുർവേദ വിനോദസഞ്ചാര മേഖലയെ ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി കേരള ആയുർവേദ പ്രൊമോഷൻ സൊസൈറ്റി എന്ന സംഘടന 2019 ഒക്ടോബർ 24 മുതൽ നവംബർ 4 വരെ കേരളത്തിൽ സംഘടിപ്പിക്കുന്ന "ഇന്റർനാഷണൽ ആയുർവേദ അമ്പാസിഡേഴ്സ് ടൂർ & ബി2ബി മീറ്റിന്" സ്പോൺസർഷിപ്പ് നൽകിക്കൊണ്ട് ടൂറിസം വകുപ്പ് സഹകരിക്കുന്നുണ്ട്. മീറ്റിന്റെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളും പ്രതിനിധികളുടെ കാര്യങ്ങളും കേരള ആയുർവേദ പ്രൊമോഷൻ സൊസൈറ്റിയാണ് കൈകാര്യം ചെയ്യുന്നത്. 30 രാജ്യങ്ങളിൽ നിന്നുള്ള 45 പ്രതിനിധികളാണ് ഈ ടൂറിൽ പങ്കെടുക്കുന്നത് എന്ന് സംഘാടകർ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ആരുടെ സഹകരണത്തോടെയാണ് പ്രസ്തുത കേരള യാത്ര സംഘടിപ്പിക്കുന്നതെന്നും എത്ര പ്രതിനിധികൾ പ്രസ്തുത മീറ്റുകളിൽ പങ്കെടുക്കുവാൻ താല്പര്യം അറിയിച്ചുവെന്നും വ്യക്തമാക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ